ഒരു വർഷം 50 ലക്ഷം പേരുടെ പേപ്പറുകളാണ് വാല്യുവേഷൻ നടത്തേണ്ടി വരുന്നത്. പരമാവധി പരാതിയില്ലാത്ത വിധത്തിലാക്കാനാണ് ശ്രമിക്കുന്നത്. ചില പരീക്ഷകളെക്കുറിച്ച് പരാതി വരും. പരാതി വരുന്നതിന്റെ അടിസ്ഥാനത്തിൽ ചില പരീക്ഷകൾ ക്യാൻസൽ ചെയ്തിട്ടുണ്ട്. ശ്രീ. റ്റി. എ. അഹമ്മദ് കബീർ പറഞ്ഞ എസ്.ഐ.-മാരുടെ സെലക്ഷൻ ടെസ്റ്റിൽ മൊബൈൽ ഫോൺ ഉപയോഗിച്ച് അതിനകത്ത് കൃത്രിമം നടന്നിട്ടുണ്ടെന്ന പരാതി വന്നതിനെത്തുടർന്ന് ആ പരീക്ഷ ക്യാൻസൽ ചെയ്തു. അതുകൊണ്ടാണ് അതിന്റെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്താൻ വളരെയധികം കാലതാമസമുണ്ടായത്. പരീക്ഷയുടെ വിശ്വസനീയത നിലനിർത്താൻവേണ്ടി എല്ലാവിധത്തിലുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ശ്രീ. ഹൈബി ഈഡൻ ഇവിടെ പറഞ്ഞതുപോലെ ചോദ്യങ്ങളെക്കുറിച്ചുള്ള പരാതികളുണ്ടെങ്കിൽ ആ പരാതികൾ കൂടി പരിശോധിച്ച് പരിഹാരമുണ്ടാക്കിയതിനുശേഷമാണ് വാല്യുവേഷനിലേക്ക് പോകുന്നത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട എം. എ. വാഹീദിന്റെ ചോദ്യോത്തര സമയത്ത് ***ആയി എന്നൊരു പ്രയോഗം എന്റെ ഭാഗത്തുനിന്നുണ്ടായി. അത് തെറ്റായിപ്പോയി എന്ന് എന്റെ മനസാക്ഷി എന്നോടു പറയുന്നു. അതിനാൽ ആ പ്രയോഗം ഖേദപൂർവ്വം പിൻവലിക്കുന്നു.

ചോദ്യം നമ്പർ *722 *724-മായി ക്ലബ് ചെയ്യുന്നു.

പോലീസ് സേനയിലെ സംഘടനാ പ്രവർത്തനം

2 (*722) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിലെ സംഘടനാ പ്രവർത്തനങ്ങൾക്കെതിരെ ഹൈക്കോടതി വിമർശനമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ ഒരു വിമർശനം ഉണ്ടാകാനിടയായ സാഹചര്യങ്ങൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഹൈക്കോടതി വിമർശനത്തിന്റെ പശ്ചാത്തലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) പോലീസിലെ സംഘടനാ പ്രവർത്തനങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി വാക്കാലുള്ള പരാമർശം നടത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ മനോജ് വധക്കേസ്സുമായി ബന്ധപ്പെട്ട് പയ്യോളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 84/12 കേസ്സിന്റെ തുടരന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബോധിപ്പിച്ച ഒരു പൊതുതാൽപര്യ ഹർജി (W.P. (c) 3151/14) പരിഗണിക്കവെയാണ് ബഹുമാനപ്പെട്ട ഹൈക്കോടതി വാക്കാലുള്ള പരാമർശം നടത്തിയിട്ടുള്ളത്.

*** പിൻവലിച്ചു

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുസംബന്ധിച്ച് ഹൈക്കോടതിയുടെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പോലീസ് സേനയിലെ സംഘടനാ പ്രവർത്തനം

3 (*724) ഡോ. കെ. ടി. ജലീൽ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ സംഘടനാ പ്രവർത്തനം നിരോധിക്കേണ്ടതാണെന്ന ഹൈക്കോടതി നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിലുള്ള നിലപാട് വെളിപ്പെടുത്താമോ ;

(സി) സേനയിലെ സംഘടനാ പ്രവർത്തനംമൂലം രാഷ്ട്രീയ കൊലപാതക കേസ്സുകളിൽ കാര്യക്ഷമമായ അന്വേഷണം നടക്കുന്നില്ലെന്ന പരാമർശം നടത്താനിടയായ കേസന്വേഷണങ്ങൾ ഏതൊക്കെയായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) പോലീസ് സംവിധാനത്തെ രാഷ്ട്രീയ പ്രേരിതമായി ദുരുപയോഗപ്പെടുത്തുന്നുവെന്ന ആക്ഷേപം പോലീസ് സേനയ്ക്ക് അവമതിപ്പുളവാക്കിയിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

(എ) പോലീസ് സേനാംഗങ്ങളുടെ സംഘടനാ പ്രവർത്തനം സംബന്ധിച്ച ഹൈക്കോടതി നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പോലീസ് സംഘടനാ പ്രവർത്തനം സേനയുടെ അച്ചടക്കത്തിനും വിശ്വാസ്യതയ്ക്കും വിഘാതം വരാത്ത രീതിയിലായിരിക്കണം നടത്തിക്കൊണ്ടു പോകേണ്ടത് എന്നതാണ് സർക്കാർ നിലപാട്.

(സി) പരിശോധിച്ചുവരുന്നു. കണ്ണൂർ ജില്ലയിലെ മനോജ് വധക്കേസ്സുമായി ബന്ധപ്പെട്ട് പയ്യോളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 84/12 കേസ്സിന്റെ തുടരന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബോധിപ്പിച്ച ഒരു പൊതുതാൽപര്യ ഹർജി (W.P. (c) 3151/14) പരിഗണിക്കവെയാണ് പോലീസ് സേനയിലെ സംഘടനാ പ്രവർത്തനത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി വാക്കാലുള്ള ഇത്തരമൊരു പരാമർശം നടത്തിയിട്ടുള്ളത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി നിഷ്പക്ഷമായ പ്രവർത്തനമാണ് പോലീസ് സേന നടത്തിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly